SEC/79/2025-2026 **February 07, 2026**

1.	**National Stock Exchange of India Ltd.** Exchange Plaza Plot No. C/1, G Block Bandra –Kurla Complex Bandra (E), Mumbai 400 051 **Symbol: KALYANKJIL**	2.	**BSE Limited** Corporate Relationship Dept. Phiroze Jeejeebhoy Towers, Dalal Street Mumbai 400001 Maharashtra, India **Scrip Code: 543278**

Dear Sir/Madam,

Sub: Unaudited Standalone and Consolidated Financial Results for the Quarter ended on December 31, 2025 published in newspapers.

Pursuant to Regulation 47 of SEBI (Listing Obligations and Disclosure Requirements) Regulations, 2015, we are enclosing herewith the Unaudited Standalone and Consolidated Financial Results for the quarter ended on December 31, 2025, published in 'The Hindu Businessline' (English) and 'Deepika' (Malayalam) on February 07, 2026. The Unaudited Standalone and Consolidated Financial Results for the quarter ended on December 31, 2025 is available in the company's website, http://www.kalyanjewellers.net/

Thanking You,
For Kalyan Jewellers India Limited

RETNAVILASAM GOPINATHAN NAIR JISHNU
Digitally signed by RETNAVILASAM GOPINATHAN NAIR JISHNU
Date: 2026.02.07 15:01:10 +05'30'

Jishnu RG
Company Secretary & Compliance Officer

Kalyan Jewellers India Limited
Corporate Office -TC-32/204/2, Sitaram Mill Road, Punkunnam, Thrissur, Kerala – 680 002
CIN - L36911KL2009PLC024641
T -0487 2437333 Email – cs@kalyanjewellers.net
WWW.KALYANJEWELLERS.NET

Adani Power re-positions thermal units as grid balancers for better RE blend

DEMAND TO CONTINUE. India's peak power requirement could rise to 380–400 GW by FY32

Avinash Nair
Ahmedabad

As India's power grid tilts rapidly towards renewables, Adani Power is repositioning its thermal fleet as a support system for grid stability, with plants increasingly balancing power sources to enable larger renewable integration, even as the company rolls out a 24-GW capacity expansion plan through FY32 backed by long-term power purchase agreements.

"Now the entire game has become about generating capacity to help integrate more renewable power into the grid and continue base load power supply. The (thermal) power plants will now act more as balancing power plants and the focus will be on keeping the plant uptime as high as possible, rather than actually trying to maximise the PLF," said Dilip Jha, CFO, Adani Power.

"The power plants will use lesser amount of coal to generate higher power — up to 5-10 per cent of advantage when compared to older technology," he recently told investors, adding that most projects are located close to coal sources, helping lower logistics costs.

The company currently operates 18.5 GW of capacity, of which around 90 per cent is tied up under long- and medium-term power purchase agreements (PPAs) with State distribution companies (discoms).

Adani Power is executing a 23.7-GW thermal expansion programme, with multiple brownfield projects progressing across central and eastern India. Mahan Phase-2 is around 80 per cent complete, Raipur Phase-2 about 44 per cent, Raigarh Phase-2 close to 38 per cent, while construction at Korba Phase-2 has resumed, the company said.

UP & COMING. Adani Power is executing a 23.7-GW thermal expansion programme, with multiple brownfield projects progressing across central and eastern India REUTERS

These projects are scheduled to be commissioned in phases starting FY27. "Broadly speaking, around 2.9 GW will be commissioned next year. In FY28, another 2.4 GW; 2.4 GW in FY29; about 8 GW by FY30; around 5.6 GW by FY31, and another 2.4 GW thereafter," Jha said, adding that the revived Korba Phase-2 project will see its first unit commissioned by mid next year and the second by year-end.

HYDRO EATS UP SHARE

On demand trends, Jha said higher hydro generation and renewable output during the extended monsoon temporarily reduced thermal power's share in the energy mix during Q3FY26.

Thermal contribution fell to 73 per cent from 76 per cent earlier, while renewables and large hydro increased to 24 per cent from around 20 per cent.

"This is transient," he said, adding that rising household consumption and industrial activity are expected to drive long-term demand. India's peak power requirement could rise to 380-400 GW by FY32.

Mitsubishi Electric expands footprint with ₹2,100-crore factory near Chennai

Our Bureau
Chennai

Mitsubishi Electric India, the Japanese leader in electrical and electronic equipment, inaugurated its new air conditioner and compressor manufacturing facility inside 'Origins by Mahindra', an integrated industrial cluster, in Gummidipoondi, 40 km north-west of Chennai on Friday.

The facility, inaugurated by Tamil Nadu Chief Minister MK Stalin virtually, has been developed at an outlay of approximately ₹2,100 crore.

Spread over 2,10,000 sqm, the facility has an annual production capacity of 3,00,000 indoor and outdoor room air conditioners, and 6,50,000 compressor units.

LOCAL SOURCING

In addition to creating over 2,100 direct and indirect employment opportunities, the facility is expected to strengthen the regional supplier ecosystem by encouraging local sourcing of components, developing technical capabilities among partners, and enabling skill development aligned with global manufacturing standards.

The facility enables higher localisation of room air conditioners and compressors — components that have traditionally relied on imports. By manufacturing these products domestically, Mitsubishi Electric India aims to reduce import dependence, support the development of a self-reliant HVAC manufacturing ecosystem, and contribute to India's broader manufacturing ambitions, the company said.

Sundaram Home eyes ₹500 cr emerging biz disbursements

Our Bureau
Chennai

Sundaram Home Finance is targeting ₹500 crore in Emerging Business (EB) — focusing on affordable housing financing and small-ticket working capital loans — disbursements in the current fiscal. In the first nine months of the year, the company clocked disbursements of over ₹400 crore in the EB segment, stated a release.

The company doubled its EB branch network from 50 to 100 in under 12 months.

The 100th EB branch was inaugurated on Friday at Avinashi, near Coimbatore, by D Lakshminarayanan, MD, Sundaram Home Finance, added the release.

The company has expanded its presence to Andhra, Telangana and Karnataka over the last 12 months.

It registered disbursements of over ₹70 crore in the Emerging Business segment in West Tamil Nadu at the end of December 2025, and is targeting to double that in this region over the next 12 months, said the release.

Mitsubishi Electric's Chennai plant to deepen India focus

bl.interview

T E Raja Simhan
Chennai

Mitsubishi Electric India has expanded its manufacturing footprint with a ₹2,100-crore investment near Chennai in Tamil Nadu to produce room air conditioners (ACs) and compressors. This is the company's second manufacturing facility in India in two years, following the Factory Automation Systems plant in Pune, set up in 2023. The Chennai facility will have an annual capacity of 3,00,000 ACs and 6,50,000 compressor units. Atsushi Takase, company MD, said the unit will boost localisation and company's India operations. *Edited excerpts*:

> India's AC market — residential and commercial — touched 11.9 million units in 2024, surpassing Japan's market of around 10 million units
>
> **ATSUSHI TAKASE**
> MD, Mitsubishi Electric India

How will this facility boost Mitsubishi Electric's presence in India?

Local production of room ACs will ensure shorter delivery timelines, supply stability and improved market responsiveness — all critical in a highly seasonal category like air conditioning. It will also enable closer alignment with local customer needs, regulatory requirements and market feedback. The facility is also expected to create over 2,100 direct and indirect jobs.

Prior to this, the ACs were imported, right?

Yes. Air conditioners for the Indian market were manufactured at the company's plants in Thailand and Japan.

Could you give details of your operations in India?

We have been operating in India for over two decades, with AC sales beginning in 1999 and the establishment of an integrated sales company in 2010. While we do not disclose business-wise production or sales volumes, Mitsubishi Electric India's total revenue is around ₹4,200 crore.

With the commissioning of the new manufacturing facility, we are transitioning towards increased localisation to support future growth. Local manufacturing also allows us to better align products with Indian conditions and evolving regulatory requirements, including energy-efficiency norms.

Is the output from the new facility meant only for India or exports as well?

In the current phase, the facility is primarily dedicated to the Indian market, reflecting strong and sustained domestic demand for air conditioning products.

Which segments do you address in India, and what is the market size?

We address both residential and commercial air conditioning segments, including room ACs.

According to the Japan Refrigeration and Air Conditioning Industry Association, India's air conditioning market — covering residential and commercial segments — touched 11.9 million units in 2024, surpassing Japan's market of around 10 million units.

What does the future look like for Mitsubishi Electric in India's AC market?

India's AC market is sustaining double-digit growth. Mitsubishi Electric expects its AC business in India to achieve a double-digit CAGR between FY25 and FY2030. India is positioned as a strategic priority market for us, alongside Europe and the Americas.

VISUALLY.

Compiled by **Sourashis Banerjee** | Graphic **Visveswaran V**

Debt crisis in advanced economies

The advanced economies have had elevated public debt for about 20 years now. According to Care Edge Global Ratings report, while these economies benefited from low borrowing costs earlier, the triple whammy of slowing growth, ageing population and geopolitical tensions in a changing global order, has kept the cost of burrowing high recently

Policy rates move lower, but still higher than pre-pandemic levels for most



Slower growth, high spending and structural risks keep 10-year government bond yields higher

Markets attach a higher risk premium to long-dated sovereign debt bonds of advanced economies



All advanced economies are expected to have slower real growth than the global average

IMF's expected real GDP growth projections in 2026



Most of the advanced economies have gross debt more than 100% of their GDP

General government gross debt (as % of GDP)



Rigid spending accounts for over half of the total expenditure, and is supposed to increase by another 1.8 per cent of GDP in 2024-30 period, mainly to fund pension & healthcare of the elderly

Components of expenditure as per cent of total expenditure

Advanced economies	1995-2009	2010-2022
Rigid spending *(health & social protection)*	48.4	52.1
Defence	10	9.8
Education	12.7	12.7
General public services	16	13.5
Research & development	0.4	0.4
Others	12.5	11.5

Widening gap between primary and overall fiscal balance among advanced economies



Source: IMF, CareEdge Global Ratings

Siemens Q3 net profit down 26% to ₹269 crore

Press Trust of India
New Delhi

Siemens Ltd on Friday reported a nearly 26 per cent fall in its net profit to ₹269 crore in December quarter due to forex losses and the one-time impact of implementing the new labour codes.

It had a net profit of ₹363 crore in the quarter ended on December 31, 2024, a company statement said.

Additionally, it explained that the profit after tax (PAT) was impacted by a one-off cost of ₹74 crore on account of implementation of the new labour codes announced on November 21, 2025.

Profitability reflects the combined effects of commodity gains, forex losses and the one-time impact of implementing the new labour codes. Revenue from operations rose to ₹3,831 crore in the December quarter from ₹3,360 crore in the same period a year ago.

All the businesses performed well during the quarter, contributing to a book-to-bill ratio of 1.26 times, with Digital Industries now reflecting normalised operations, he pointed out.

തൃശൂർ പൂത്തോൾ എക്സൈസ് അക്കാദമി ഗ്രൗണ്ടിൽ എക്സൈസ് ഇൻസ്പെക്ടർമാരുടെയും വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെയും പാസിംഗ് ഔട്ട് പരേഡ് മന്ത്രി എം.ബി. രാജേഷ് പരിശോധിക്കുന്നു.

എക്സൈസിൽ നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ രൂപീകരിക്കും: മന്ത്രി എം.ബി. രാജേഷ്

തൃശൂർ: എക്സൈസ് വകുപ്പിൽ സംസ്ഥാനതലത്തിൽ നർക്കോട്ടിക് കൺട്രോൾ ബ്യൂറോ രൂപീകരിക്കുമെന്ന് മന്ത്രി എം.ബി. രാജേഷ്. പൂത്തോൾ എക്സൈസ് അക്കാദമി ഗ്രൗണ്ടിൽ പരിശീലനം പൂർത്തിയാക്കിയ എക്സൈസ് ഇൻസ്പെക്ടർമാരുടെയും വനിതാ-സിവിൽ എക്സൈസ് ഓഫീസർമാരുടെയും പാസിംഗ് ഔട്ട് പരേഡിൽ സേനാംഗങ്ങളുടെ അഭിവാദ്യം സ്വീകരിച്ചു പ്രസംഗിക്കുകയായിരുന്നു മന്ത്രി. ഈ സർക്കാരിന്റെ കാലത്ത് 2600 നിയമനങ്ങൾ നടത്തി. ഇപ്പോൾ സേനയുടെ ഭാഗമായ 134 പേർ സാമൂഹിക ഉത്തരവാദിത്വം ഏറ്റെടുക്കുകയാണു ചെയ്യുന്നതെന്നും മന്ത്രി പറഞ്ഞു. 2024ലെ എക്സൈസ് മെഡൽ വിതരണവും അദ്ദേഹം നിർവഹിച്ചു.

16 എക്സൈസ് ഇൻസ്പെക്ടർമാരും 71 സിവിൽ എക്സൈസ് ഓഫീസർമാരും 47 വനിത സിവിൽ എക്സൈസ് ഓഫീസർമാരുമാണ് പരിശീലനം പൂർത്തിയാക്കി എക്സൈസ് സേനയുടെ ഭാഗമായത്.

സിവിൽ എക്സൈസ് ഓഫീസർ, വനിത സിവിൽ എക്സൈസ് ഓഫീസർ തസ്തികകളിൽ നിയമനം ലഭിച്ച ആലപ്പുഴയിൽനിന്നുള്ള എം. അനന്തുവും സഹോദരിയായ എം. അർച്ചനയും പാസിംഗ് ഔട്ട് പരേഡിൽ ഒരുമിച്ചു പങ്കെടുത്തതു കൗതുകമായി.

ചടങ്ങിൽ എക്സൈസ് കമ്മീഷണർ എം.ആർ. അജിത്കുമാർ, എക്സൈസ് അക്കാദമി ഡയറക്ടർ ടി.എം. മജു എന്നിവരും സല്യൂട്ട് സ്വീകരിച്ചു. കോർപറേഷൻ മേയർ ഡോ. നിജി ജസ്റ്റിൻ, ജനപ്രതിനിധികൾ, പൗരപ്രമുഖർ, മറ്റു വകുപ്പുകളിലെയും എക്സൈസ് വകുപ്പിലെയും ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

പെപിത സേത്തിന് പൗരത്വരേഖ കൈമാറി

കേരളത്തിന്റെ ദത്തുപുത്രി ഇനി ഇന്ത്യയുടെ സ്വന്തം

തൃശൂർ: കേരളത്തിന്റെ സംസ്കാരവും കലകളും ലോക ഭൂപടത്തിൽ അടയാളപ്പെടുത്തിയ പെപിത സേത്ത് ഇനി ഇന്ത്യയുടെ മകൾ. തൃശൂർ കളക്ടറേറ്റിൽ നടന്ന ചടങ്ങിൽ ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യനിൽനിന്ന് പെപിത സേത്ത് പൗരത്വ രേഖകൾ ഏറ്റുവാങ്ങി. എൺപത്തിനാലാം വയസിൽ ഇന്ത്യക്കാരിയാകുന്നതിൽ അഭിമാനമുണ്ടെന്ന് പെപിത സേത്ത് പറഞ്ഞു.

ബ്രിട്ടീഷ് പട്ടാളക്കാരനായിരുന്ന അമ്മയുടെ മുത്തച്ഛന്റെ ഡയറിയിൽനിന്ന് ഇന്ത്യയെ അറിഞ്ഞ പെപിത 27-ാം വയസിലാണ് രാജ്യത്തിന്റെ വൈവിധ്യങ്ങൾ തേടിയിറങ്ങിയത്. ഫോട്ടോഗ്രാഫിയും എഴുത്തും ജീവശ്വാസമാക്കിയ പെപിതയ്ക്കു തൃശൂർ ജന്മനാടിനെ വെല്ലുന്ന പോറ്റമ്മയായി. മരപ്പട്ടയിൽ പനമ്പട്ടയും മണ്ണും വീശിയെറിയുന്ന ഗുരുവായൂർ കേശവന്റെ പെപിത പകർത്തിയ അപൂർവചിത്രം ലോകശ്രദ്ധ നേടി.

1981-ൽ ഗുരുവായൂർ അടക്കമുള്ള ക്ഷേത്രങ്ങളിൽ പ്രവേശനാനുമതി കിട്ടിയതോടെ നാട്ടിലേക്കുള്ള യാത്രതന്നെ കുറഞ്ഞു. ഗുരുവായൂരിൽ താമസിച്ചു നടത്തിയ നീണ്ടകാലത്തെ ഗവേഷണത്തിനു ശേഷമാണ് ഹെവൻ ഓൺ എർത്ത്: ദ യൂണിവേഴ്സ് ഓഫ് കേരളാസ് ഗുരുവായൂർ ടെമ്പിൾ എന്ന പുസ്തകം പ്രസിദ്ധീകരിച്ചത്. ഇതിനിടെ തെയ്യക്കോലങ്ങളുടെ മാസ്മരിക സൗന്ദര്യത്തിലേക്കും പെപിതയുടെ കണ്ണെത്തി.

വടക്കൻ മലബാറിലെ ഗ്രാമങ്ങളിൽ തെയ്യം കലാകാരൻമാർക്കൊപ്പം 15 വർഷത്തോളം സഞ്ചരിച്ച് നടത്തിയ ഗവേഷണത്തിനൊടുവിലാണ് ഇൻ ഗോഡ്സ് മിറർ, ദ തെയ്യംസ് ഓഫ് മലബാർ എന്ന പുസ്തകമെഴുതിയത്. ദി എഡ്ജ് ഓഫ് അനദർ വേൾഡ് (നോവൽ), ദ ഡിവൈൻ ഫ്രെൻസി- ഹിന്ദു മിത്ത്സ് ആൻഡ് റിച്വൽസ് ഓഫ് കേരള തുടങ്ങിയ പുസ്തകങ്ങളും പെപിതയുടേതായിട്ടുണ്ട്.

പത്മശ്രീ പുരസ്കാരത്തിനു പുറമേ, ലണ്ടൻ കേന്ദ്രമായി പ്രവർത്തിക്കുന്ന ഏഷ്യാറ്റിക് സൊസൈറ്റിയുടെ വിഖ്യാതമായ റിച്ചാർഡ് ബർട്ടൺ പുരസ്കാരവും ഇവരെത്തേടിയെത്തിയിട്ടുണ്ട്.

താൻ എഴുതിയ ഇൻ ഗോഡ്സ് മിറർ; ദ തെയ്യംസ് ഓഫ് മലബാർ എന്ന പുസ്തകം ജില്ലാ കളക്ടർക്ക് സമ്മാനിച്ചാണ് പെപിത കളക്ടറേറ്റിൽനിന്ന് മടങ്ങിയത്.

തൃശൂർ കളക്ടറേറ്റിൽ നടന്ന ചടങ്ങിൽ ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യനിൽനിന്ന് പെപിത സേത്ത് പൗരത്വ രേഖകൾ ഏറ്റുവാങ്ങുന്നു.



വാൽപ്പാറയിൽ വാട്ടർ ടാങ്കിൽ വീണ കാട്ടാനക്കുട്ടിയെ കരയ്ക്കെത്തിച്ചപ്പോൾ. ഓടിയെത്തിയ അമ്മയാനയെയും കാണാം.

വാൽപ്പാറയിൽ വാട്ടർ ടാങ്കിൽവീണ കാട്ടാനക്കുട്ടിയെ രക്ഷപ്പെടുത്തി

വാൽപ്പാറ: വാട്ടർ ടാങ്കിൽവീണ കാട്ടാനക്കുട്ടിയെ രക്ഷപ്പെടുത്തി. വില്ലോളി എസ്റ്റേറ്റിലെ ജീവനക്കാർക്ക് കുടിവെള്ളം സംഭരിക്കുന്ന 12 അടി താഴ്ചയുള്ള ടാങ്കിലാണ് ആനക്കുട്ടി വീണത്. ഇന്നലെ രാവിലെ ആറിനാണ് സംഭവം. കാട്ടാനക്കൂട്ടത്തോടൊപ്പം പോകുമ്പോൾ ആനക്കുട്ടി ടാങ്കിലേക്ക് വീഴുകയായിരുന്നു. ഇതോടെ അമ്മയാന ടാങ്കിനരികിൽത്തന്നെ നിലയുറപ്പിച്ചു.

തമിഴ്നാട് വനം വകുപ്പ് അധികൃതർ മണ്ണിമാന്തിയന്ത്രം ഉൾപ്പെടെ ഉപയോഗിച്ച് ആറുമണിക്കൂറോളം പണിപ്പെട്ടാണ് കുട്ടിയാനയെ കരയ്ക്കുകയറ്റിയത്.

അപകടത്തിൽപ്പെട്ട മണിയൻ പിള്ള രാജുവിന്റെ കാർ പോലീസ് കസ്റ്റഡിയിൽ എടുത്തപ്പോൾ.

നടൻ മണിയൻ പിള്ള രാജു ഓടിച്ചിരുന്ന

കാറും ബൈക്കും കൂട്ടിയിടിച്ചു; ബൈക്ക് യാത്രികർക്കു പരിക്ക്

സ്വന്തം ലേഖകൻ

തിരുവനന്തപുരം: നടൻ മണിയൻ പിള്ള രാജു ഓടിച്ചിരുന്ന കാർ ഇടിച്ച് ബൈക്ക് യാത്രികരായ യുവാക്കൾക്കു പരിക്ക്. വഴുതക്കാട് ട്രിവാൻഡ്രം ക്ലബ്ബിനു മുന്നിൽ വ്യാഴാഴ്ച രാത്രി പത്തോടെയായിരുന്നു സംഭവം. അപകടത്തിനു ശേഷം കാർ നിർത്താതെ പോയി. അപകടത്തിൽ ബൈക്ക് യാത്രികരായ നിവേദ് കൃഷ്ണ, സൂരജ് എന്നിവർക്കു പരിക്കേറ്റു. ഇവരെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അപകടത്തിന്റെ സിസിടിവി ദൃശ്യങ്ങൾ പോലീസ് ശേഖരിച്ചിട്ടുണ്ട്.

ട്രിവാൻഡ്രം ക്ലബ്ബിൽനിന്നും വാഹനവുമായി മണിയൻപിള്ള രാജു പുറത്തേക്ക് ഇറങ്ങുമ്പോഴാണ് വെള്ളയമ്പലത്തുനിന്നും വഴുതക്കാട് ഭാഗത്തേക്കു പോകുകയായിരുന്ന യുവാക്കളുടെ വാഹനം ഇടിക്കുന്നത്. ക്ലബ്ബിൽനിന്ന് വാഹനം ഇറക്കുമ്പോൾ സിഗ്നൽ ഇട്ടശേഷം സാവധാനമാണ് മണിയൻ പിള്ള രാജു വാഹനം മുന്നോട്ടെടുക്കുന്നതെന്ന് സിസിടിവി ദൃശ്യങ്ങളിൽ വ്യക്തമാണ്. ഇതിനുശേഷം വാഹനം റോഡിലൂടെ പോകുന്ന ചില വാഹനങ്ങളെ കടത്തിവിടുന്നുമുണ്ട്. ഇതിനുശേഷം വാഹനം റോഡിലേക്ക് ഇറക്കുന്നതിനിടെയാണ് ബൈക്ക് പാഞ്ഞ് വരുന്നതും കാറിൽ ഇടിക്കുന്നതും. ഇടിയുടെ ആഘാതത്തിൽ കാറിന്റെ മുൻവശത്തെ ബോണറ്റ് പൂർണമായും തകർന്നിട്ടുണ്ട്. അപകടത്തിൽ രണ്ടു യുവാക്കളും റോഡിലേക്ക് തെറിച്ചുവീണു. അപകടം ഉണ്ടായശേഷം മണിയൻപിള്ള രാജു വാഹനം നിർത്താതെ പോകുന്നതും സിസിടിവി ദൃശ്യങ്ങളിൽ കാണാം.

അപകടമുണ്ടാക്കിയ കെഎൽ 1 സിജെ 4 വോൾവോ കാർ പോലീസ് പിന്നീട് കണ്ടെത്തി. വാഹനത്തിന്റെ ഉടമ സുധീർകുമാർ രാജു എന്നാണ് രജിസ്ട്രേഷൻ രേഖ. ഇത് നടന്റെ യഥാർഥ പേരാണെന്ന് പോലീസ് വ്യക്തമാക്കി. ടെന്നീസ് ക്ലബ്ബിന്റെ പിന്നിൽ താമസിക്കുന്ന മകന്റെ വീട്ടിൽനിന്നാണ് മണിയൻപിള്ള രാജുവിന്റെ കാർ കണ്ടെത്തിയത്. ട്രിവാൻഡ്രം ക്ലബ്ബിൽനിന്ന് ഇറങ്ങിവന്ന കാർ ബൈക്കിലിടിച്ച് നിർത്താതെ പോവുകയായിരുന്നുവെന്നായിരുന്നു യുവാക്കൾ പോലീസിനു മൊഴി നൽകിയത്. നാട്ടുകാരാണ് ഇവരെ ആശുപത്രിയിലെത്തിച്ചത്.

മണിയൻപിള്ള രാജുവിന് ജാമ്യം

തിരുവനന്തപുരം: ബൈക്കിൽ കാറിടിച്ച സംഭവത്തിൽ നടൻ മണിയൻപിള്ള രാജുവിനു ജാമ്യം ലഭിച്ചു. നടന്റെ അറസ്റ്റ് രേഖപ്പെടുത്തിയ മ്യൂസിയം പോലീസ് സ്റ്റേഷൻ ജാമ്യത്തിൽ വിടുകയായിരുന്നു. കേസെടുത്തപ്പോഴുള്ള എഫ്ഐആറിൽ നടന്റെ പേര് പരാമർശിച്ചിരുന്നില്ല. പിന്നീട് സ്റ്റേഷനിൽ ഹാജരായ നടന്റെ അറസ്റ്റ് രേഖപ്പെടുത്തുകയായിരുന്നു. അപകടകരമായ രീതിയിൽ വാഹനം ഓടിച്ചു, ഇടിച്ച വാഹനം നിർത്താതെ പോയി തുടങ്ങിയ വകുപ്പുകൾ ചുമത്തിയാണ് കേസെടുത്തിരിക്കുന്നത്.

അതേസമയം, അപകടമുണ്ടാക്കിയ കാർ ഓടിച്ചത് താൻ തന്നെയെന്ന് നടൻ മണിയൻപിള്ള രാജു പ്രതികരിച്ചു. എന്നാൽ യുവാക്കൾ തന്റെ വാഹനത്തിലിടിക്കുകയായിരുന്നു. താൻ സാവധാനമാണ് വാഹനം ഓടിച്ചത്. മദ്യപിച്ചിരുന്നില്ല. താൻ ഒരു രോഗിയാണ്. വാഹനം ഇടിച്ചത് അറിഞ്ഞിട്ട് നിർത്താതെ പോയത് തെറ്റ് തന്നെയാണ്. ശബ്ദം കേട്ട ഉടനെ ഭയന്ന് സുഹൃത്തിനെ വിളിച്ച് വിവരം അറിയിക്കുകയായിരുന്നു.

ഒരു ചടങ്ങ് കഴിഞ്ഞു പുറത്തേക്ക് വരികയായിരുന്നു. ഭയം കൊണ്ടാണ് വാഹനം നിർത്താതെ പോയതെന്നും പോലീസ് സ്റ്റേഷനിലെത്തി കാര്യങ്ങൾ വിശദീകരിച്ചതായും മണിയൻപിള്ള രാജു പറഞ്ഞു.

കരുവന്നൂർ സഹകരണ ബാങ്ക് തെരഞ്ഞെടുപ്പ്; എൽഡിഎഫും ബിജെപിയും മൽസര രംഗത്ത്

ഇരിങ്ങാലക്കുട: കരുവന്നൂർ സർവീസ് സഹകരണ ബാങ്ക് തെരഞ്ഞെടുപ്പിൽ എൽഡിഎഫ്- ബിജെപി സ്ഥാനാർഥികൾ മൽസര രംഗത്ത്. 13 സീറ്റുകളിലേക്കാണ് തെരഞ്ഞെടുപ്പ്.

ഇന്നലെയായിരുന്നു നാമനിർദേശ പത്രിക സമർപ്പിക്കേണ്ട അവസാന തിയതി. 13 സീറ്റുകളിലേക്ക് എൽഡിഎഫും 12 സീറ്റുകളിലേക്ക് ബിജെപി അംഗങ്ങളും നാമനിർദേശ പത്രിക നൽകി. ഇന്നാണ് സൂക്ഷ്മപരിശോധന നടക്കുന്നത്. സിപിഎം ലോക്കൽ കമ്മിറ്റി സെക്രട്ടറി ആർ.എൽ. ജീവൻലാൽ, ടി.കെ. ജയാനന്ദൻ എന്നിവരോടൊപ്പമാണ് എൽഡിഎഫ് സ്ഥാനാർഥികൾ നാമനിർദേശപത്രിക നൽകാനെത്തിയത്. എൽഡിഎഫ് സ്ഥാനാർഥിപ്പട്ടികയിൽ 10 പേർ സിപിഎം അംഗങ്ങളും മൂന്നു പേർ സിപിഐ അംഗങ്ങളുമാണ്.

നഗരസഭ കൗൺസിലർ ടി.കെ. ഷാജു നേതൃത്വം നൽകുന്ന പാനലാണ് ബിജെപിയുടേത്. നാല്പതു വയസിനുതാഴെയുള്ള ഒരു വനിത ഡയറക്ടർ സ്ഥാനത്തേക്ക് സിപിഎം സ്ഥാനാർഥി അഡ്വ.സുജില നിധീഷിന് എതിരില്ല. 15000 പേരാണ് ബാങ്കിൽ അംഗങ്ങളായുള്ളത്. ഫെബ്രുവരി 22 നാണ് തെരഞ്ഞെടുപ്പ്. കോൺഗ്രസ് മൽസര രംഗത്തുനിന്നു വിട്ടുനിൽക്കുകയാണ്.

ജില്ലാ കേരളോത്സവത്തിന് തുടക്കം

കുന്നംകുളം: തൃശൂർ ജില്ലാ പഞ്ചായത്തും സംസ്ഥാന യുവജനക്ഷേമ ബോർഡും ചേർന്ന് സംഘടിപ്പിക്കുന്ന കേരളോത്സവം 2026ന് തുടക്കമായി. കുന്നംകുളം ജിഎംബിവിഎച്ച്എസ്എസ് സ്കൂൾ സീനിയർ ഗ്രൗണ്ടിൽ നടന്ന ജില്ലാതല ഉദ്ഘാടനം എ.സി. മൊയ്തീൻ എംഎൽഎ നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് അധ്യക്ഷത വഹിച്ചു. ഒമ്പതു വരെ തൃശൂർ ജില്ലയിലെ വിവിധ വേദികളിലായാണ് മത്സരങ്ങൾ നടക്കുന്നത്. തൃശൂർ ടൗൺഹാൾ, രാമവർമപുരം വിജ്ഞാൻ സാഗർ, രാമവർമപുരം ജിയുപിഎസ് ഹാൾ എന്നിവ ഉൾപ്പെടെ എട്ട് വേദികളിലായി കലാമത്സരങ്ങളും, കുന്നംകുളം ജിഎംബിവിഎച്ച്എസ്എസ് സീനിയർ ഗ്രൗണ്ട്, തൃശൂർ കോർപറേഷൻ സ്റ്റേഡിയം, തൃപ്രയാർ ടിഎസ്ജിഎ സ്റ്റേഡിയം, ആരോഗ്യ സർവകലാശാല ഗ്രൗണ്ട് എന്നിവ ഉൾപ്പെടെ 14 കേന്ദ്രങ്ങളിലായി കായിക മത്സരങ്ങളും അരങ്ങേറും.

കോഡ് ഭാഷയിലൂടെ ലഹരിവില്പന: യുവാവ് അറസ്റ്റിൽ

ചാലക്കുടി: വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് 'ലൈനിംഗ് ടാറ്റു' എന്ന രഹസ്യ കോഡിൽ കഞ്ചാവ് വില്പന നടത്തിയിരുന്ന യുവാവിനെ പോലീസ് അറസ്റ്റ് ചെയ്തു. പോട്ട പനമ്പിള്ളി കോളേജിനു സമീപം പാറക്കുളം തട്ടിൽ വീട്ടിൽ ജോയൽ (23) ആണ് അറസ്റ്റിലായത്.

രഹസ്യകോഡ് ഉപയോഗിച്ചായിരുന്നു ഇയാൾ ആവശ്യക്കാരുമായി ബന്ധപ്പെട്ടിരുന്നത്. കഴിഞ്ഞദിവസം പെരിയച്ചിറ കനാൽ റോഡ് ജംഗ്ഷനിൽ വച്ചാണ് ലഹരിവിരുദ്ധ സേനയും ചാലക്കുടി പോലീസും ചേർന്ന് പ്രതിയെ പിടികൂടിയത്. തൃശൂർ റൂറൽ ജില്ലാ പോലീസ് മേധാവിയുടെ ഡാൻസാഫ് സംഘത്തിലെ ജിഎസ്ഐ മാരായ സതീശൻ മടപ്പാട്ടിൽ, പി.എം. മൂസ, ജിഎഎസ്ഐ മാരായ എ.യു. റെജി എം.ജെ. ബിനു, ഷിജോ തോമസ്, സിപിഒ ഇ.വി. ശ്രീജിത് എന്നിവരും ചാലക്കുടി പോലീസ് സ്റ്റേഷനിലെ ജിഎസ്ഐ ഒ.ജി. ഷാജു, ജിഎഎസ്ഐ കെ.കെ. വിനോദ് സീനിയർ സിപിഒ സുജിത് കുമാർ, സിപിഒമാരായ ദീപു വിജയൻ, അജിത് തോമസ് എന്നിവരാണ് അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നത്.

വനംവകുപ്പ് വാക്കുപാലിച്ചില്ല; ഫോറസ്റ്റ് റേഞ്ച് ഓഫീസറെ തടഞ്ഞുവച്ച് പ്രതിഷേധം

പീച്ചി: കാട്ടാന ആക്രമണത്തിൽ മരിച്ച ഷിജോയുടെ കുടുംബത്തിന് നാലു ലക്ഷം രൂപ ധനസഹായം നൽകാമെന്ന ഉറപ്പ് പാലിക്കാതെ വനംവകുപ്പ്. സംഭവത്തിൽ പട്ടിക്കാട് ഫോറസ്റ്റ് റേഞ്ച് ഓഫീസറെ സമരസമിതി പ്രവർത്തകർ തടഞ്ഞുവച്ചു. തുടർന്ന് തൃശൂർ ഡിഎഫ്ഒ മാർട്ടിൻ ലോവൽ സ്ഥലത്തെത്തി ചർച്ച നടത്തിയാണ് ജനകീയ പ്രതിഷേധം അവസാനിപ്പിച്ചത്.

ബുധനാഴ്ച വൈകീട്ട് മൃതദേഹവുമായി നടത്തിയ ജനകീയ പ്രതിഷേധത്തിനിടെ ഷിജോയുടെ കുടുംബത്തിന് നാലു ലക്ഷം രൂപ നൽകുമെന്ന് ഫോറസ്റ്റ് റേഞ്ച് ഓഫീസർ എ.സി. പ്രജി ഉറപ്പ് നൽകിയിരുന്നു. എന്നാൽ വ്യാഴാഴ്ച വൈകുന്നേരമായിട്ടും തുക കൈമാറാൻ വനംവകുപ്പ് തയാറായില്ല. തുടർന്ന് ഇന്നലെ രാവിലെ പതിനൊന്നോടെ പട്ടിക്കാട് ഫോറസ്റ്റ് റേഞ്ച് ഓഫീസിലെത്തിയ ജനകീയ പ്രതിഷേധ സമിതി പ്രവർത്തകർ റേഞ്ച് ഓഫീസറെ തടഞ്ഞുവയ്ക്കുകയായിരുന്നു. ഡിഎഫ്ഒ എത്തി നേരിട്ട് ചർച്ച നടത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. തുടർന്ന് പാണഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനു വർഗീസ് ഡിഎഫ്ഒയുമായി സംസാരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം സ്ഥലത്തെത്തി പ്രതിഷേധ സമിതി പ്രവർത്തകരുമായി ചർച്ച നടത്തി.

ഷിജോയുടെ മരണവുമായി ബന്ധപ്പെട്ട വിഷയത്തിൽ കാര്യങ്ങളിൽ വ്യക്തത വന്നതായും കുടുംബത്തിന് വേണ്ട അടിയന്തര സഹായം നൽകാൻ സർക്കാരുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുമെന്നും ഡിഎഫ്ഒ ഉറപ്പ് നൽകി. തുടർന്ന് ഷിജോയുടെ വീട്ടിൽ എത്തിയ അദ്ദേഹം കുടുംബാംഗങ്ങളുമായും സംസാരിച്ചു.

പഞ്ചായത്ത് പ്രസിഡന്റ് മിനു വർഗീസ്, ബിജോയ് തോമസ്, ബാബു തോമസ്, ഷാജി പീച്ചി, കെ.പി. എൽദോസ്, ഷിബു പോൾ, പി.പി. ജോണി, പി.ആർ. ശിവരാജ്, കെ.വി. ബിനു, ടിനീഷ് വലിയവീട്ടിൽ, പഞ്ചായത്ത് അംഗങ്ങളായ വിനോദ് തേനംപറമ്പിൽ, ജോജോ ജോർജ്, സന്ധ്യ ഷാജി, സിന വർഗീസ്, ആര്യ ശരത്ത്, കൃഷ്ണേന്ദു പ്രശാന്ത്, ബെന്നി തുറപ്പുറം, ബെന്നി കൊടിയാട്ടിൽ, സുഭാഷ് മേക്കര തുടങ്ങിയവർ പങ്കെടുത്തു.